# സംഗതി ശരി. പക്ഷേ,

''അവർ (ദൈവത്തോട്) പറയും: രക്ഷിതാവേ, ഞങ്ങൾ ഞങ്ങളുടെ നേതാക്കളെയും ഞങ്ങളിലെ ഉന്നതന്മാരെയും പിൻപറ്റി. അങ്ങനെ അവർ ഞങ്ങളെ വഴികേടിലാക്കി. രക്ഷിതാവേ, നീ അവർക്ക് രണ്ടിരട്ടി ശിക്ഷ നൽകുകയും അവർക്ക് നീ വൻശാപം ഏൽപിക്കുകയും ചെയ്യേണമെ എന്നും അവർ പറയും.'' (ഖുർആൻ 33:67,68)

കഴിഞ്ഞ ദിവസം കൂട്ടുകാരന്റെ ബിസിനസ്സ് ഓഫീസിൽ പോകേണ്ട ആവശ്യമുണ്ടായി. ഓഫിസിനു പുറത്ത് കുറെ അധികം ചെരിപ്പുകൾ കണ്ടപ്പോൾ അവനിന്ന് അത്യാവശ്യം ബിസിനസ്സുണ്ടല്ലോ എന്ന് എനിക്ക് സന്തോഷമായി. അകത്തു ചെന്നപ്പോഴാണ് സംഗതി പിശകാണെന്ന് മനസ്സിലായത്.

മൂന്നു-നാലു പേർ ഇരിക്കുന്നു. നല്ല സംസാരത്തിലാണവർ. കൂട്ടുകാരൻ ഒരിടത്ത് വിഷാദിച്ചിരിക്കുന്നു. രാഷ്ട്രീയം തന്നെയാണ് വിഷയം. എന്നെ കണ്ടപ്പോൾ അവൻ മെല്ലെ പുറത്തേക്ക് വന്നു. ''ഇത് രാവിലെ തുടങ്ങിയതാ. അത്യാവശ്യം ചില വർക്കുകൾ വരേണ്ട ദിവസമാണിന്ന്. രാവിലെ തന്നെ കയറി അവർ തുടങ്ങി സംസാരം. ഇനി ഇന്ന് ഒന്നും നടക്കില്ല. എന്താ ചെയ്യുക?''

''പുറത്തിരിക്കാൻ പറയരുതോ?''

''അത് പറയാനും പറ്റില്ല.''

എന്റെ ആവശ്യങ്ങളുമായി ഞാൻ മറ്റൊരു കൺസൾടന്റിനെ സമീപിച്ചു. ഏകദേശം നാല് മണിക്കൂർ കഴിഞ്ഞ് ഞാൻ വീണ്ടും കൂട്ടുകാരന്റെയടുത്ത് ചെന്നു. അപ്പോഴും അതേ വീറുറ്റ സംസാരത്തിലായിരുന്നു അവർ. 'നിങ്ങൾക്കൊന്നും വേറെ ഒരു പണിയുമില്ലേ' എന്ന് ചോദിക്കാൻ തോന്നിയതാണ്. പക്ഷേ, അത് പ്രയാസത്തിന് വാതിൽ തുറന്നെങ്കിലോ എന്നു കരുതി ഞാൻ മൗനം പാലിച്ചു.

ആരെയും ആക്ഷേപിക്കാനല്ല ഇത് കുറിക്കുന്നത്. ചില കാര്യങ്ങളെ വിമർശിക്കുന്നത് നിഷ്ഫലമാണെന്ന പാഠം പ്രത്യേകം ഓർത്തുകൊണ്ടു തന്നെ ചില കാര്യങ്ങൾ പറയുകയാണ്.

വ്യത്യസ്ത സ്വഭാവവും പ്രകൃതവുമാണ് മനുഷ്യരുടേത്. ചിലർ എപ്പോഴും എന്തെങ്കിലും പ്രവൃത്തിയിൽ ഏർപ്പെടുന്നവരാകുന്നു. ചിലർ അലസപ്രകൃതരുമാകുന്നു. രജോഗുണം, തമോഗുണം എന്നൊക്കെ പറയുന്നത് ഈ സ്വഭാവ-പ്രകൃതിയെ ഉദ്ദേശിച്ചുകൊണ്ടാകാം.

അതെന്തെങ്കിലുമാകട്ടെ, കർമ്മം പ്രകൃതിയുടെയും ധർമത്തിന്റെയും ഭാഗമാകുന്നു. കർമ്മം ഏതുമാകാം എന്നതല്ല മാനുഷികം. കർമ്മബോധത്തെ സംസ്കരിക്കുന്നത് മനുഷ്യനിലെ ധാർമിക-ആത്മീയബോധമാകുന്നു. പ്രസ്തുത ബോധത്തിനനുസരിച്ചാകുന്നു ഔചിത്യ-അനൗചിത്യങ്ങളെ വേർതിരിച്ചറിയാനാകുന്നത്.

തനിക്ക് ഉപകാരപ്രദമായ കാര്യങ്ങളിൽ ഏർപ്പെടുകയെന്നതാണ് വിവേകം. നശിച്ചുകൊണ്ടിരിക്കുന്ന ഈ ജീവിതം ദൈവത്താൽ ഏൽപിക്കപ്പെട്ട വിലപിടിച്ച ഉത്തരവാദിത്തമാണെന്ന തിരിച്ചറിവ് ജീവിതവഴിയിൽ പ്രധാനമാകുന്നു. അതുണ്ടെങ്കിൽ മാത്രമേ തന്റെ ഭാവിക്കു വേണ്ടിയും മനുഷ്യരുടെ കൂട്ടായ നന്മക്കുവേണ്ടിയും നന്മ ചെയ്യണമെന്ന ബോധം നമ്മിൽ ഉണ്ടാവുകയുള്ളു.

പുലർന്നതു മുതൽ രാത്രിയാകുന്നതു വരെ സ്വന്തത്തിന്റെയും കുടുംബങ്ങളുടെയും മറ്റു ആശ്രിതരുടെയും കാര്യങ്ങളെ അവഗണിച്ച് വൃഥാവേലയിൽ സമയവും അധ്വാനവും വ്യയം ചെയ്യുന്നത് ചിലർക്ക് ഹോബിയാണ്. അത് എന്തിന്റെ പേരിലായാലും നന്മ എന്ന് വ്യവഹരിക്കാനാകില്ല.

ചിലർ ഊണും ഉറക്കവും വെടിഞ്ഞ് മുഴുസമയവും ഇത്തരം പ്രവൃത്തിക്കായി നടക്കുന്നത് കാണാം. സ്വന്തം കാര്യവും കുടുംബത്തിന്റെ കാര്യവും അവർക്ക് പ്രശ്നമായിരിക്കില്ല. ബന്ധങ്ങൾക്ക് പോലും അവർ വലിയ സ്ഥാനം കൽപിച്ചെന്നു വരില്ല. അവയാണല്ലോ ഒരാളുടെ ജീവിതത്തെ അർഥപൂർണമാക്കുന്ന സംഗതികൾ. അതുകൊണ്ട് എന്ത് നേട്ടം എന്ന ചോദ്യത്തിന് സ്വന്തം ജീവിതത്തിലേക്ക് ഒന്ന് തിരിഞ്ഞുനോക്കാൻപോലും അവർ മുതിരില്ല.

ഏത് കർമ്മത്തിലും ഏർപ്പെടാനുള്ള സ്വാതന്ത്ര്യം മനുഷ്യനുണ്ടെങ്കിലും പ്രകൃതി ഓരോന്നിനും നിശ്ചിത സമയവും രീതിശാസ്ത്രവും നിശ്ചയിച്ചിട്ടുണ്ട്. അത് നിഷേധിക്കുന്നത് ജീവിതവ്യവഹാരങ്ങളോടുള്ള ധിക്കാരം കൂടിയാകുന്നു.

ജീവിതം എന്തിനെന്ന വീണ്ടുവിചാരം ഇല്ലാതിരിക്കുമ്പോഴാണ് മനുഷ്യർ അലക്ഷ്യരാകുന്നത്. ജീവിതം ദൈവം ഏൽപിച്ച ഉത്തരവാദിത്തപൂർണമായ പരീക്ഷണമാകുന്നു, ജീവിതത്തെ സംബന്ധിച്ച് ദൈവത്തിന്റെ വിചാരണ നേരിടാനുണ്ട്, ദൈവം നിശ്ചയിച്ച രീതിയാണ് കർമ്മങ്ങൾക്കാധാരം തുടങ്ങിയ സംഗതികൾ നമ്മുടെ മുമ്പിലുണ്ടെങ്കിൽ ആർക്കോ വേണ്ടി നമ്മുടെ സമയവും ആരോഗ്യവും കൊന്നുതീർക്കില്ല. മറ്റുള്ളവരുടെ ഇംഗിതത്തിനൊത്ത് ജീവിതം രൂപപ്പെടുത്തി പരാജയം ഏറ്റുവാങ്ങാനും നാം തയാറാവുകയില്ല.

നാം നമുക്കു വേണ്ടിയാണ് ജീവിക്കേണ്ടത്. നാം എങ്ങനെ ജീവിച്ചു എന്ന് ദൈവം നമ്മെ പറ്റി നമ്മോടു മാത്രമാണ് ചോദിക്കുക. മറ്റൊരാളും അതിന് ഉത്തരം നൽകി നമ്മെ സഹായിക്കാനുണ്ടാകില്ല.